ഭരണ ഭാഷമാതൃഭാഷ-

WEC4/7142/21

വനിതാ ശിശു വികസന ഡയറക്ടറുടെ
കാര്യാലയംതിരുവനന്തപുരം ,പൂജപ്പുര ,.
Email. Directorate.wcd@kerala.gov.in
Phone No: 0471 2346534.
തീയതി: 16.08.2021

**സർക്കുലർ**

വിഷയം: വനിതാ ശിശു വികസന വകുപ്പ്- ശൈശവ വിവാഹം നടക്കുന്ന വിവാഹ മണ്ഡപങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നത് - സംബ.

സൂചന: ബഹു. കേരള ബാലവകാശ സംരക്ഷണ കമ്മിഷന്റെ 26.04.2019 തീയതിയിലെ ഉത്തരവ്.

വിവാഹമണ്ഡപങ്ങൾ, ഹാളുകൾ എന്നിവിടങ്ങളിൽ വെച്ചുള്ള വിവാഹം നടക്കുന്നതിനു മുൻപായി വധുവിന്റെയും വരന്റെയും പ്രായം തെളിയിക്കുന്ന രേഖ സ്ഥാപന അധികൃതർ ആവശ്യപ്പെട്ടിരിക്കണമെന്നും, വധുവരന്മാർ പ്രായപൂർത്തി ആകാത്തതായി ശ്രദ്ധയിൽപ്പെട്ടാൽ വിവാഹത്തിനു മുൻപ് തന്നെ ആയത് തടയുന്നതിനായി ബന്ധപ്പെട്ട ഓഫീസർമാർക്ക് അറിയിപ്പ് നൽകണമെന്നും അപ്രകാരം അറിയിപ്പ് ലഭിച്ച ഉടൻ പ്രസ്തുത വിവാഹം തടയുന്നതിനുള്ള നടപടി ശൈശവ വിവാഹ നിരോധന ഓഫീസർ സ്വീകരിക്കണമെന്നും ഈ വിഷയത്തിൽ 3-ആം എതിർകക്ഷിയായ വനിത ശിശു വികസന ഡയറക്ടർ ഉത്തരവ് പുറപ്പെടുവിക്കണമെന്നും സൂചന പ്രകാരം ബഹു. കേരള ബാലവകാശ സംരക്ഷണ കമ്മിഷൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ടി സാഹചര്യത്തിൽ ബഹു. കേരള ബാലവകാശ സംരക്ഷണ കമ്മിഷന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിവാഹമണ്ഡപങ്ങൾ, ഹാളുകൾ എന്നിവിടങ്ങളിൽ വെച്ച് ശൈശവ വിവാഹം നടക്കുന്നതായി കല്യാണ മണ്ഡപ അധികൃതരിൽ നിന്നോ സ്ഥാപന ഉടമയിൽ നിന്നോ അറിയിപ്പ് ലഭിച്ചാലുടൻ ആയത് തടയുന്നതിനുള്ള നടപടി എല്ലാ ശൈശവ വിവാഹ നിരോധന ഓഫീസർമാരും സ്വീകരിക്കണമെന്ന് നിർദേശിക്കുന്നു. ശൈശവ വിവാഹ നിരോധന ഓഫീസർമാർ അപ്രകാരം നടപടി സ്വീകരിക്കുന്നുണ്ടോ എന്ന് എല്ലാ ജില്ല വനിതാ ശിശു വികസന ഓഫീസർമാരും ഉറപ്പ് വരുത്തേണ്ടതാണ്. ഇപ്രകാരം ബഹു. കേരള ബാലവകാശ സംരക്ഷണ കമ്മിഷന്റെ സൂചന പ്രകാരമുള്ള ഉത്തരവ് നടപ്പാക്കി ഉത്തരവാകുന്നു. സൂചനയുടെ പകർപ്പ് ഉൾക്കൊള്ളിക്കുന്നു.

വനിത ശിശു വികസന ഡയറക്ടർക്കു വേണ്ടി

എല്ലാ ജില്ല വനിതാ ശിശു വികസന ഓഫീസർമാർക്കും

എല്ലാ ICDS പ്രോഗ്രാം ഓഫീസർമാർക്കും.

എല്ലാ ശൈശവ വിവാഹ നിരോധന ഓഫീസർമാർക്കും.

5

# കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ

## തിരുവനന്തപുരം

ഹാജർ : ശ്രീ കെ.നസീർ (മെമ്പർ)

തീയതി : 26-04-2019

**സി.ആർ.എം.പി.നമ്പർ : 10186/9/C2/2018/KeSCPCR**

പരാതിക്കാർ : 1. ഡയറക്ടർ
ചൈൽഡ് ലൈൻ
പാലക്കാട് ജില്ല - 678 007

2. കോ-ഓർഡിനേറ്റർ
ചൈൽഡ് ലൈൻ
പാലക്കാട് ജില്ല

എതിർകക്ഷികൾ : 1. ഡയറക്ടർ
നഗരകാര്യ വകുപ്പ്
തിരുവനന്തപുരം ജില്ല

2. ഡയറക്ടർ
തദ്ദേശസ്വയംഭരണ വകുപ്പ്
തിരുവനന്തപുരം ജില്ല

3. ഡയറക്ടർ
വനിതാ ശിശുവികസന വകുപ്പ്,
തിരുവനന്തപുരം ജില്ല

## ഉത്തരവ്

1. ജില്ലയിലെ പല ഭാഗങ്ങളിൽ നിന്നും ശൈശവ വിവാഹങ്ങൾ കല്ല്യാണമണ്ഡപങ്ങളിൽ നടക്കുവാൻ പോകുന്നു എന്ന വിവരം പരാതിക്കാർക്ക് കിട്ടാറുണ്ടെന്നും തുടർന്ന് അത്തരം വിവാഹങ്ങൾ അധികാരികളെ അറിയിച്ച് തടയാറുണ്ടെന്നും എന്നാൽ ചില വിവാഹങ്ങൾ ഇത്തരം മണ്ഡപങ്ങളിൽ വെച്ച് നടന്ന് കഴിഞ്ഞതിനുശേഷമാണ് പരാതിക്കാർക്ക് വിവരം കിട്ടാറെന്നും വിവാഹം മണ്ഡപങ്ങളിൽ വെച്ച് നടത്താനായി ഒരുങ്ങുമ്പോൾ മണ്ഡപത്തിന്റെ അധി

കൃതർ കുട്ടിക്ക് പ്രായപൂർത്തി ആയിട്ടുണ്ടോ എന്ന വസ്തുത പരിശോധിക്കാറി ല്ലെന്നും ആയതിനാൽ കല്ല്യാണമണ്ഡപത്തിൽ നടക്കുന്ന വിവാഹങ്ങളിൽ വധു വരന്മാരുടെ വയസ്സ് മണ്ഡപ അധികൃതർ പരിശോധിക്കുന്ന സാഹചര്യമുണ്ടാ കുമ്പോൾ ശൈശവ വിവാഹങ്ങൾ തടയാനാകുമെന്നും ഇക്കാര്യത്തിൽ ആവ ശ്യമായ നടപടി കമ്മീഷൻ കൈക്കൊള്ളണമെന്നും കാണിച്ചാണ് പരാതിക്കാർ കമ്മീഷനെ സമീപിച്ചത്.

2. 2006 ലെ ശൈശവ വിവാഹ നിരോധന നിയമപ്രകാരം, ശൈശവ വിവാഹങ്ങൾ നടക്കുന്നത് തടയുക എന്നത് ഏറെ പ്രധാനമാണ്. നടന്നുപോയ ശൈശവ വിവാഹ കാര്യത്തിൽ പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുന്നതിനേക്കാൾ, അത്തരം വിവാഹങ്ങൾ നടക്കാനുള്ള സാധ്യത മുൻകൂട്ടി കണ്ട് വിവാഹം തടയുന്നതിനാവശ്യമായ ഇഞ്ചക്ഷൻ ഉത്തരവ് പ്രസ്തുത നിയമത്തിലെ 13-ാം വകുപ്പ് പ്രകാരം ബന്ധപ്പെട്ട മജിസ്ട്രേറ്റ് കോടതിയിൽ നിന്നും സമ്പാദിക്കുക എന്നത് ഏറെ പ്രാധാന്യമർഹിക്കുന്നു. ആയത് കൊണ്ട് തന്നെ പരാതിക്കാർ ചൂണ്ടിക്കാട്ടുന്നത് പോലെ, അത്തരം ശൈശവ വിവാഹങ്ങൾ നടക്കാൻ സാധ്യ തയുള്ള കാര്യം നേരത്തെ അറിയുക എന്നതാണ്.

3. പൊതുവെ പല വിവാഹങ്ങളും കല്ല്യാണ മണ്ഡപങ്ങളിൽ വെച്ചാണ് നടക്കാറ്. കല്ല്യാണമണ്ഡപ അധികൃതർ പൊതുവെ നടക്കുന്ന വിവാഹങ്ങളിലെ വധുവര ന്മാരുടെ പ്രായം അറിയുന്നതിന് യാതൊരു നടപടിയും സ്വീകരിക്കാറില്ല. വിവാഹം നടത്തുന്നതിനായി ആളുകൾ കല്ല്യാണമണ്ഡപ അധികാരികളെ സമീപിക്കുമ്പോൾ വധുവരന്മരുടെ പ്രായം തെളിയിക്കുന്ന നിയമാനുസൃത രേഖ ആവശ്യപ്പെട്ടാൽ ശൈശവ വിവാഹം നടക്കുന്നുണ്ടോ എന്നും ശൈശവ വിവാ ഹമാണെന്നറിഞ്ഞാൽ ബന്ധപ്പെട്ട അധികാരികളെ കുറ്റകൃത്യം തടയുന്നതിനായി സമീപിക്കാനും കല്ല്യാണമണ്ഡപ അധികൃതർക്കാകും. ആയത് കൊണ്ടുതന്നെ ഏതെങ്കിലും വിവാഹം നടത്തുന്നതിനായി കല്ല്യാണമണ്ഡപ അധികൃതരെ ബന്ധപ്പെട്ടവർ സമീപിക്കുമ്പോൾ വധു-വരൻമാരുടെ വയസ്സ് തെളിയിക്കുന്ന നിയമാനുസൃത രേഖ കല്ല്യാണമണ്ഡപ അധികൃതർ ആവശ്യപ്പെടേണ്ടതും ആയതിന്റെ കോപ്പി ഫയലിൽ സൂക്ഷിക്കേണ്ടതും, ആയത് ശൈശവ വിവാഹമാ ണെന്ന് അറിഞ്ഞാൽ പ്രസ്തുത വിവാഹത്തിന് മണ്ഡപം നൽകാൻ പാടില്ലാ ത്തതും വിവാഹം നടത്താനായി സമീപിച്ച കാര്യം ബന്ധപ്പെട്ട അധികാരികളെ അറിയിക്കേണ്ടതുമാണ്.

4. മേൽവിവരിച്ച വസ്തുതകളുടെ പശ്ചാത്തലത്തിൽ 2005 ലെ ബാലാവകാശ സംരക്ഷണ കമ്മീഷനുകൾ നിയമത്തിലെ 15-ാം വകുപ്പ് പ്രകാരം താഴെപ്പറയും ശുപാർശകൾ പുറപ്പെടുവിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(എ) സംസ്ഥാനത്തെ ഏതെങ്കിലും കല്ല്യാണമണ്ഡപങ്ങളിലോ, വിവാഹം നടക്കുന്ന മറ്റേതെങ്കിലും ഹാളുകളിലോ വിവാഹം നടത്താനായി ആളുകൾ സമീപിക്കുമ്പോൾ സ്ഥാപന അധികൃതർ വധു-വരന്മാരുടെ പ്രായം തെളിയിക്കുന്ന നിയമാനുസൃത രേഖ ആവശ്യപ്പെടേണ്ടതും പ്രസ്തുത രേഖ കൃത്യമായി സൂക്ഷിക്കേണ്ടതും വരന്റെ പ്രായം 21 പൂർത്തിയാകാതിരിക്കുകയോ വധുവിന്റെ പ്രായം 18 പൂർത്തിയാകാതിരിക്കുകയോ ചെയ്യുന്ന പക്ഷം അത്തരം വിവാഹങ്ങൾ നടത്താൻ അനുവദിക്കാൻ പാടില്ലാത്തതും ഇക്കാര്യം സ്ഥാപന അധികൃതർ കൃത്യമായി പാലിക്കണമെന്ന് കാണിച്ച് 1 ഉം 2 ഉം എതിർകക്ഷികൾ സർക്കുലർ പുറപ്പെടുവിക്കേണ്ടതും പ്രസ്തുത ഉത്തരവ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അതാത് സ്ഥലങ്ങളിലെ കല്ല്യാണമണ്ഡപ അധികൃതരെ അറിയിക്കേണ്ടതാണ്.

(ബി)വിവാഹത്തിന് സമീപിക്കുന്ന വധു-വരന്മാർക്ക് മേൽവിവരിച്ച വിവാഹ പ്രായമെത്തിയില്ല എന്ന് കല്ല്യാണമണ്ഡപ അധികൃതർക്ക് രേഖയിലൂടെ ബോധ്യപ്പെടുമ്പോൾ, കല്ല്യാണമണ്ഡപ അധികൃതർക്കോ സ്ഥാപന ഉടമയോ അക്കാര്യം പ്രദേശത്തെ ശൈശവ നിരോധന ഉദ്യോഗസ്ഥനെ വിവരമറിയിക്കേണ്ടതും ആ കാര്യം ലഭിച്ച ഉടൻ പ്രസ്തുത വിവാഹം നടക്കുന്നത് തടയാനാവശ്യമായ ഉത്തരവിനായി ശൈശവ വിവാഹ നിരോധന ഓഫീസർ നടപടി സ്വീകരിക്കേണ്ടതും ഇക്കാര്യം കാണിച്ച് 3-ാം എതിർകക്ഷി ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്.

(സി)ശൈശവ വിവാഹം നടത്തുന്ന കല്ല്യാണമണ്ഡപങ്ങൾക്കും, ഹാളുകൾക്കുമെതിരെ കേരള പഞ്ചായത്ത്‌രാജ് ആക്ട്, കേരള മുനിസിപ്പാലിറ്റീസ് ആക്ട് എന്നിവ പ്രകാരം നൽകിയ ലൈസൻസുകളുടെ ലംഘനമായി കണക്കാക്കി സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിക്കേണ്ടതും ആ കാര്യം കാണിച്ച് 1 ഉം 3 ഉം എതിർകക്ഷികൾ സർക്കുലർ പുറപ്പെടുവിക്കേണ്ടതുമാണ്.

കമ്മീഷൻ പുറപ്പെടുവിച്ച മേൽശുപാർശകളിൽ എതിർകക്ഷികൾ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് 2012 ലെ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ചട്ടത്തിലെ ചട്ടം 45 പ്രകാരം 60 ദിവസത്തിനകം കമ്മീഷനെ അറിയിക്കേണ്ടതാണ്.

(ഒപ്പ്)
**കെ.നസീർ**
(മെമ്പർ)

ഉത്തരവിൻ പ്രകാരം

**കെ.ആർ. പ്രസന്നൻ**
രജിസ്ട്രാർ

Si 30/04/19